**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 540** **06-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ വാങ്ങിയ വാഹനങ്ങളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016ൽ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായി വാങ്ങിയ വാഹനങ്ങളുടെ എണ്ണം, അവ ഏതെല്ലാം സ്ഥാപനങ്ങൾക്കുവേണ്ടിയാണ് വാങ്ങിയത്, വാഹനത്തിന്റെ തരവും വർഷവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | ഓരോ ഓഫീസുകൾക്കും, സ്ഥാപനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും, സർക്കാരിലെ മറ്റ് ഉന്നത സ്ഥാനീയർക്കും വാഹനങ്ങൾ വാങ്ങുന്നത് അവയുമായി ബന്ധപ്പെട്ട ഓഫീസുകളാണ്. വാഹനങ്ങൾ വാങ്ങുന്നതിന് ശുപാർശ സമർപ്പിക്കുമ്പോൾ സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അനുമതി നല്കുകയാണ് ധന വകുപ്പ് ചെയ്തുവരുന്നത് . അതുകൊണ്ടു തന്നെ ആകെ വാങ്ങിയ വാഹനങ്ങളുടെ ക്രോഡീകരിച്ച കണക്കുകൾ ധന വകുപ്പിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള മുഴുവൻ വാഹനങ്ങളുടേയും വിവരങ്ങൾ 'VEELS' എന്ന ഡാറ്റാ ബേസിൽ സൂക്ഷിക്കുന്നുണ്ട്. ബഹു: അംഗം ആവശ്യപ്പെട്ട വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കുന്നതിന് പ്രസ്തുത സോഫ്റ്റ് വെയർ ഇപ്പോൾ സജ്ജമല്ല. |
| (ബി) | ഇതേ കാലയളവിൽ മന്ത്രിമാരുടെയും ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടെയുള്ള സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ മേധാവികളുടെയും ഉപയോഗത്തിനായി വാങ്ങിയ വാഹനങ്ങളുടെ എണ്ണവും വാഹനത്തിന്റെ തരവും വർഷവും തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ; | (ബി) | ഓരോ ഓഫീസുകൾക്കും, സ്ഥാപനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും, സർക്കാരിലെ മറ്റ് ഉന്നത സ്ഥാനീയർക്കും വാഹനങ്ങൾ വാങ്ങുന്നത് അവയുമായി ബന്ധപ്പെട്ട ഓഫീസുകളാണ്. വാഹനങ്ങൾ വാങ്ങുന്നതിന് ശുപാർശ സമർപ്പിക്കുമ്പോൾ സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അനുമതി നല്കുകയാണ് ധന വകുപ്പ് ചെയ്തുവരുന്നത് . അതുകൊണ്ടു തന്നെ ആകെ വാങ്ങിയ വാഹനങ്ങളുടെ ക്രോഡീകരിച്ച കണക്കുകൾ ധന വകുപ്പിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള മുഴുവൻ വാഹനങ്ങളുടേയും വിവരങ്ങൾ 'VEELS' എന്ന ഡാറ്റാ ബേസിൽ സൂക്ഷിക്കുന്നുണ്ട്. ബഹു: അംഗം ആവശ്യപ്പെട്ട വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കുന്നതിന് പ്രസ്തുത സോഫ്റ്റ് വെയർ ഇപ്പോൾ സജ്ജമല്ല. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ സർക്കാർ ,അർദ്ധ സർക്കാർ മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കായി നിലവിലെ വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഈ മാനദണ്ഡങ്ങൾ നിലവിൽ വന്നതെന്നാണെന്നും വന്നതിനുശേഷം പുതുക്കി നിശ്ചയിക്കുകയുണ്ടായോ എന്നും വിശദമാക്കുമോ; | (സി) | പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സ.ഉ.(കൈ). നം. 45/2019/പൊ.മ.വ. തീയതി 16/10/2019 ഉത്തരവിലാണ് വാഹനങ്ങൾ കണ്ടം ചെയ്യുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു. ടി ഉത്തരവ് പ്രകാരം കണ്ടം ചെയ്യുവാൻ യോഗ്യമല്ലാത്ത വാഹനങ്ങളും അവ ഉപയോഗക്ഷമമല്ല എങ്കിൽ പ്രസ്തുത വാഹനങ്ങൾ പി. ഡബ്ല്യൂ. ഡി ഉദ്യോഗസ്ഥർ പരിശോധിച്ച് വാഹനം തുടർന്ന് ഉപയോഗിക്കുന്നത് 'ആദായകരമല്ല' എന്ന് സാക്ഷ്യപ്പെടുത്തുന്ന കേസുകളിൽ ഓരോ കേസും പ്രത്യേകം പരിശോധിച്ച് ധന വകുപ്പിന്റെ അനുമതിയോടുകൂടി കണ്ടം ചെയ്യുന്നതിന് സർക്കാർ തലത്തിൽ അനുമതി നല്കി വരുന്നു. പഴയ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിന് പകരമായി മാത്രമേ പുതിയ വാഹനങ്ങൾ വാങ്ങാൻ പാടുള്ളൂ എന്ന് വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകുമ്പോൾ നിഷ്കർഷിക്കാറുണ്ട്. മേൽ പരാമർശിക്കുന്ന ഉത്തരവിലെ മാനദണ്ഡങ്ങൾ പിന്നീട് പുതുക്കി നിശ്ചയിച്ചിട്ടില്ല. |
| (ഡി) | പഴയകാല വാഹനങ്ങളുടേതിൽ നിന്നും മെച്ചപ്പെട്ട ഇന്ധനക്ഷമതയും ആയുർ ദൈർഘ്യവും പരിപാലന ചെലവ് കുറഞ്ഞതുമായ വാഹനങ്ങളുടെ കാലഘട്ടത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) | നിലവിലുള്ള വാഹനങ്ങൾ ഉപയോഗക്ഷമമല്ലതായി വരുമ്പോഴാണ് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നല്കുന്നത്. ഉപയോഗ ക്ഷമമായ വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങാൻ അനുമതി നല്കാറില്ല. ഇന്ധന ക്ഷമതയും പരിപാലന ചെലവും വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാനദണ്ഡമാക്കിക്കൊണ്ടുള്ള ഉത്തരവുകൾ നിലവിലില്ല. പരിസ്ഥിതി സൗഹൃദവും ഇന്ധന വില വർദ്ധനവ് മൂലമുള്ള അധിക ചെലവുകൾ കുറയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഇലക്ട്രിക്ക് വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നല്കിക്കൊണ്ടുള്ള സ.ഉ.(അ)നം 24/2020/ധന തീയതി 7/3/2020 ഉത്തരവ് നിലവിലുണ്ട് . പ്രസ്തുത ഉത്തരവ് പ്രകാരം ഏകദേശം ഇരുന്നൂറോളം ഇലക്ട്രിക്ക് വാഹനങ്ങൾ അനർട്ടിൽ നിന്നും വാടകയ്ക്ക് എടുത്ത് വിവിധ സർക്കാർ ഓഫീസുകളിൽ ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ- മാതൃഭാഷ File No. C2/273/2016-PWD

കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ്- സർക്കാർ വാഹനങ്ങളെ കണ്ടം ചെയ്യുന്നതിനുള്ള മാനദണ്ഡം പരിഷ്കരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത്(സി) വകുപ്പ്

സ.ഉ(കൈ)നം.45/2019/പൊ.മ.വ തീയതി, തിരുവനന്തപുരം, 16/10/2019

പരാമർശം:- 1. സ.ഉ(കൈ)നം. 110/76/PW തീയതി 10.05.1976
2. 28.04.2014 തീയതിയിലെ സർക്കുലർ നം. 468/സി2/2014/പൊ.മ.വ
3. ജലസേചന വകുപ്പ് മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയറുടെ 16.08.2019 തീയതിയിലെ സി.എം.യു/കെ/1448/2012 നമ്പർ കത്ത്

## ഉത്തരവ്

സർക്കാർ വാഹനങ്ങളെ Condemn ചെയ്യുന്നതിന് പരാമർശം (1) പ്രകാരമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു:-

I. സർക്കാർ വാഹന കാലാവധി - ഓടിയ ദൂരം, ഉപയോഗിച്ച കാലയളവ് എന്നിവയിൽ ഏതാണ് ആദ്യം എത്തുന്നത് എന്നതനുസരിച്ച് താഴെ പറയും പ്രകാരമായിരിക്കും സർക്കാർ വാഹനങ്ങളുടെ സാധാരണ ഉപയോഗ കാലാവധി.

| | | |
|---|---|---|
| i. | 12,500 കിലോഗ്രാമിനു മുകളിൽ ആകെ ഭാരം (GVW) വരുന്ന ഹെവി ഡ്യൂട്ടി വാണിജ്യ വാഹനങ്ങൾ | 4 ലക്ഷം കിലോ മീറ്റർ അല്ലെങ്കിൽ 15 വർഷം (ഏതാണ് ആദ്യം വരുന്നത്) |
| ii. | 7,501 കിലോഗ്രാം മുതൽ 12,500 കിലോ ഗ്രാം വരെ ആകെ ഭാരം (GVW) വരുന്ന മീഡിയം ഡ്യൂട്ടി വാണിജ്യ വാഹനങ്ങൾ | 3.5 ലക്ഷം കിലോമീറ്റർ അല്ലെങ്കിൽ 10 വർഷം (ഏതാണ് ആദ്യം വരുന്നത്) |
| iii. | 7,500 കിലോഗ്രാം വരെ ആകെ ഭാരം (GVW) വരുന്ന ലൈറ്റ് മോട്ടോർ വാഹനങ്ങൾ | 3 ലക്ഷം കിലോമീറ്റർ അല്ലെങ്കിൽ 10 വർഷം (ഏതാണ് ആദ്യം വരുന്നത്) |
| iv. | ഇരുചക്ര വാഹനവും/മുചക്ര വാഹനവും (100 CC ക്കു മുകളിൽ) | 1.5 ലക്ഷം കിലോ മീറ്റർ അല്ലെങ്കിൽ 10 വർഷം (ഏതാണ് ആദ്യം വരുന്നത്) |
| v. | ഇരുചക്ര വാഹനങ്ങൾ (100 CC വരെ) | 1 ലക്ഷം കിലോ മീറ്റർ അല്ലെങ്കിൽ 7 വർഷം (ഏതാണ് ആദ്യം വരുന്നത്) |

2. ഖണ്ഡിക (1) ൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ മാർഗ്ഗ നിർദ്ദേശങ്ങളാണ്. ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം വാഹനം സഞ്ചരിച്ച ദൂരത്തിന്റെയോ കാലയളവ് പൂർത്തീകരിച്ചതിന്റെയോ അടിസ്ഥാനത്തിൽ മാത്രം നിരാകരണം ചെയ്യുവാൻ പാടില്ല.

3. താഴെ പറയുന്ന നിബന്ധനകളും കൂടി തൃപ്തികരമാണെങ്കിൽ മാത്രമെ വാഹനം നിരാകരണം ചെയ്യുവാൻ പാടുള്ളൂ.

i തുടർച്ചയായ 3 വർഷത്തെ അറ്റകുറ്റപ്പണികളുടെ ചെലവ് വാഹനത്തിന്റെ വാർഷിക വിലയിടിവായ 10 ശതമാനത്തെക്കാൾ കൂടുതൽ ആണെങ്കിൽ

ii വാഹനത്തിന്റെ വിപണി വില അറ്റകുറ്റപ്പണിക്ക് ശേഷവും ആ തുകയെക്കാൾ കുറവാണെങ്കിൽ

4. വാഹനം നിരാകരണത്തിനു മുമ്പ് സാങ്കേതിക വിഭാഗത്തിൽ നിന്ന് സാക്ഷ്യപത്രം വാങ്ങിയിരിക്കണം. തിരുവനന്തപുരം/കോഴിക്കോട് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ് ഈ സാക്ഷ്യപത്രം നൽകുന്നതിനുള്ള സാങ്കേതിക ചുമതല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് കുമാർ സിംഗ്
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും മറ്റു വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്.
എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പു മേധാവികൾക്കും.
ധനകാര്യ വകുപ്പ് (Vide No. I&PW-A2/228/2018-FIN(928008) Dated 22.06.2019)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
[signature]
സെക്ഷൻ ഓഫീസർ.

**GOVERNMENT OF KERALA**

Abstract

Finance Department- Hiring of Electric Vehicles from EESL through ANERT-Instructions Issued.

---

**FINANCE (EXPENDITURE – B) DEPARTMENT**

G.O.(P)No.24/2020/Fin Dated, Thiruvananthapuram, 07/03/2020

---

Read:-1. Note dated 18/12/2019 from Director, ANERT.
2. Circular No.85/2018/Fin dated 15/09/2018.

**ORDER**

In the Budget Speech for 2020-21, the Hon'ble Minister (Finance) has announced that, to restrain the expenditure on vehicle use, there will be a new policy of hiring cars on monthly rent rather than purchases. It is further suggested that if contracts are entered with Energy Efficiency Services Ltd (EESL), a Central Government institution, to hire electric cars, up to Rs.7.5 crores per 1000 vehicles can be saved, besides the positive externalities generated in the form of lower pollution and other environmental benefits.

ANERT (Agency for Non Conventional Energy and Rural Technology) has submitted a proposal vide reference cited above, for Energy Efficiency Services Ltd (EESL), to provide Electric Vehicles such as TATA Tigor EV and Mahindra eVerito & Hyundai KONA Electric for the use of Government of Kerala Departments and Agencies. In the proposal for the introduction and gradual transition towards electric vehicles in Kerala, EESL has offered e-mobility program under three schemes.

1. Outright purchase of e-cars: Purchase of e-cars from EESL by payment of upfront cost.

2. Dry Lease (car without chauffers): EESL provides the vehicles and lease rental is paid by the organization.

3. Wet Lease (car with chauffers): EESL vehicles with drivers and lease rental is paid by the organization.

Government have examined the matter in detail and are pleased to direct all departments to hence forth hire (either on wet or dry lease) only electric vehicles from EESL through ANERT. In addition, Heads of Departments are also directed to opt for electric vehicles by replacing the already hired fossil fuel vehicle, with effect from 01/04/2020, in view of the cost savings estimated. It is also directed to arrange an initial hiring phase of 6 months from April 1, 2020 after which an evaluation can be made to confirm the claimed cost savings.

(By Order of the Governor)
RAJESH KUMAR SINGH IAS
ADDITIONAL CHIEF SECRETARY (FINANCE)

To

The Principal Accountant General (A&E) Kerala, Thiruvananthapuram
The Principal Accountant General (G&SSA) Kerala, Thiruvananthapuram
The Accountant General (E&RSA) Kerala, Thiruvananthapuram
All Heads of Departments (through e-office notice board via Administrative Department)
All Departments of Secretariat (through e office Notice Board)
The Director, Information & Public Relations Department (For publicity through print & visual media including web & new media)
The Nodal Officer, www.finance.kerala.gov.in
The Stock File/Office Copy (File No.Exp-B2/408/2019-FIN E 1252739)

Forwarded/By Order

Accounts Officer